നം. ഇ2/31/2022/ഐ.&പി.ആർ.ഡി.
വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26-04-2022

# സർക്കുലർ

വിഷയം:- ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് - ജില്ലകളിൽ ഫോട്ടോ കവറേജ് നടത്തുന്നതിന് പാനൽ ഫോട്ടോഗ്രാഫർമാരെ നിയോഗിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- 05.10.2021-ലെ 48/2021/ഐ.&പി.ആർ.ഡി. നം. സർക്കുലർ

ജില്ലകളിൽ നടക്കുന്ന സംസ്ഥാനതല ജില്ലാതല പരിപാടികൾ നടക്കുമ്പോൾ വിപുലമായ ഫോട്ടോ കവറേജ് നടത്തുന്നതിനായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് ഫോട്ടോഗ്രാഫർമാരുടെ പാനൽ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട മാർഗ നിർദ്ദേശങ്ങൾ സൂചന സർക്കുലർ പ്രകാരം നൽകിയിരുന്നു. എന്നാൽ ജില്ലകളിൽ വകുപ്പിന്റെ സ്ഥിരം ഫോട്ടോഗ്രാഫർമാരും അസിസ്റ്റന്റ് ഫോട്ടോഗ്രാഫർമാരും ജോലിയിൽ ഉണ്ടായിരിക്കെ ചെലവിന് യാതൊരു നിയന്ത്രണവുമില്ലാതെ പാനൽ ഫോട്ടോഗ്രാഫർമാരെ നിയോഗിച്ചിരിക്കുന്നതു മൂലം പാനൽ ഫോട്ടോഗ്രാഫർമാർക്കുള്ള വേതനകുടിശ്ശിക ഓരോവർഷവും കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ജില്ലകളിലെ പ്രധാനപ്പെട്ട ഫോട്ടോ കവറേജുകൾ ഔദ്യോഗിക ഫോട്ടോഗ്രാഫർമാർ, അറ്റൻഡർ (ഫോട്ടോഗ്രാഫി), അസിസ്റ്റന്റ് ഫോട്ടോഗ്രാഫർമാർ, ഫോട്ടോ കവറേജ് നിർവ്വഹിക്കുന്ന സിനിമാ ഓപ്പറേറ്റർമാർ എന്നിവർ ചിത്രങ്ങൾ എടുക്കേണ്ടതാണ്.
2. മേൽപറഞ്ഞവരുടെ അഭാവത്തിലോ ഒരേ സമയം ഒന്നിലധികം പരിപാടികളുടെ ചിത്രങ്ങൾ എടുക്കേണ്ടിവരുന്ന സാഹചര്യത്തിലോ മാത്രമെ പാനൽ ഫോട്ടോഗ്രാഫർമാരുടെ സേവനം വിനിയോഗിക്കുവാൻ പാടുള്ളൂ.
3. എല്ലാ മാസവും 10-ാം തീയതയ്ക്കകം പാനൽ ഫോട്ടോഗ്രാഫർമാർ എടുത്ത ഒറിജിനൽ ചിത്രങ്ങളുടെ സി.ഡി.യും ബില്ലുകളും ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കൃത്യമായി നൽകണം.
4. ജില്ലകളിൽ എടുത്ത ചിത്രങ്ങളുടെ സി.ഡി.യും പരിപാടികളുടെ ലിസ്റ്റും എല്ലാ മാസവും 15-നകം ഡയറക്ടറേറ്റിലെ ഫോട്ടോഗ്രാഫി വിഭാഗത്തിന് അയച്ചുതരേണ്ടതാണ്.
5. പാനൽ ഫോട്ടോഗ്രാഫർമാർ കവർ ചെയ്യാവുന്ന പരിപാടികൾ ചുവടെ ചേർക്കുന്നു:

i) രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുടെ സന്ദർശന പരിപാടികൾ
ii) ലോകസഭാ സ്പീക്കർ - ഔദ്യോഗികം
iii) ഗവർണർ - ഔദ്യോഗികം
iv) നിയമസഭാ സ്പീക്കർ - ഔദ്യോഗികം
v) മുഖ്യമന്ത്രി - സംസ്ഥാന, ജില്ലാതല ഔദ്യോഗിക പരിപാടികൾ
vi) മന്ത്രിമാർ - സംസ്ഥാന, ജില്ലാതല ഔദ്യോഗിക പരിപാടികൾ

vii) എം.പി. - സംസ്ഥാന, ജില്ലാതല ഔദ്യോഗിക പരിപാടികൾ
viii) എം.എൽ.എ. - സംസ്ഥാന, ജില്ലാതല ഔദ്യോഗിക പരിപാടികൾ
ix) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ജില്ലാതല ഔദ്യോഗിക പരിപാടികൾ
x) ജില്ലാ കളക്ടർ - ജില്ലാതല ഔദ്യോഗിക പരിപാടികൾ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട യോഗങ്ങളും പ്രവർത്തനങ്ങളും.
xi) നിയമസഭാ സമിതികളുടെ ഔദ്യോഗിക സന്ദർശന പരിപാടികൾ
xii) പാർലമെന്റ് സമിതികളുടെ ഔദ്യോഗിക സന്ദർശന പരിപാടികൾ
xiii) കേന്ദ്രമന്ത്രിമാരുടെ ഔദ്യോഗിക പരിപാടികൾ
xiv) വിവിധ കമ്മിഷനുകളുടെ പ്രധാനപ്പെട്ട സിറ്റിംഗുകൾ

6. മേൽപറഞ്ഞിട്ടുള്ള ഔദ്യോഗിക പരിപാടികൾക്കു പുറമെ സർക്കാരിന്റെ പ്രവർത്തനങ്ങൾ പൊതു ജനങ്ങൾക്ക് എത്തിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രധാന പരിപാടികളുടെയോ, പദ്ധതികളുടെയോ കവറേജ് ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസിൽനിന്നോ പി.ആർ.ഡി.യിൽ നിന്നോ നിയോഗിക്കാത്ത പരിപാടികൾ പാനൽ ഫോട്ടോഗ്രാഫർമാർ സ്വന്തംനിലയ്ക്ക് എടുക്കുന്നില്ല എന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

കെ അബ്ദുൽ റഷീദ്
അഡിഷണൽ ഡയറക്ടർ

എല്ലാ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അഡീഷണൽ ഡയറക്ടർ (ജനറൽ/ഇ.എം.ഡി)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ.) / ഡെപ്യൂട്ടി ഡയറക്ടർ (വി.സി.) / ഡെപ്യൂട്ടി ഡയറക്ടർ (എഫ്.പി.)
കോർഡിനേറ്റിംഗ് ന്യൂസ് എഡിറ്റർ
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
ധനകാര്യ വകുപ്പ് (9.3.2022-ലെ EXP-B1/443/2021-FIN നമ്പർ U,O (R) പ്രകാരം )
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

സെക്രട്ടറിയുടെ പി.എ.
ഡയറക്ടറുടെ സി.എ.